(ബി) ആദ്യ ടെണ്ടർ, ടെണ്ടർ വാല്യുവിൽ വ്യത്യാസമുണ്ടായതിനാൽ റദ്ദ് ചെയ്യുകയും, രണ്ടാമത്തെ ടെണ്ടർ നിഷ്കർഷിക്കുന്ന ആവശ്യങ്ങൾ പൂർണ്ണമായും പാലിക്കപ്പെടാത്തതിനാലും തുടർന്ന് നടന്ന മൂന്നാമത്തെ ടെണ്ടറിൽ പങ്കാളികൾ ഉണ്ടാവാത്തതിനാലും നാലാമത്തെ ടെണ്ടറിൽ മെഷീൻ പരിശോധന നടത്തിയ ശേഷം കിട്ടിയ ടെണ്ടറുകൾ അനുയോജ്യമല്ലായെന്ന് ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റി കണ്ടെത്തിയതിനാലും മെഷീന്റെ വിവരണങ്ങൾ പുനഃക്രമീകരിച്ച് വീണ്ടും ടെണ്ടർ ക്ഷണിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 2014-15, 2015-16 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ മെഷീൻ വാങ്ങുന്നതിന് പണം വകയിരുത്തിയിട്ടുണ്ട്.

(സി) നാല് ടെണ്ടറുകൾ റദ്ദാക്കിയ സാഹചര്യത്തിൽ പഴുതുകളടച്ച് പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബി.ടെക്, എം.ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ**

52(2659) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാല തുടങ്ങാനിരുന്ന ബി.ടെക്, എം.ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ താറുമാറാകാൻ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാല ബി.ടെക്, എം.ടെക് പരീക്ഷ നടത്തിപ്പും, മൂല്യനിർണ്ണയവും സ്വകാര്യ കമ്പനിക്ക് പുറം കരാർ നൽകിയോ; ആയത് ഏത് സ്വകാര്യ കമ്പനിക്ക് ; ഇതുമായി ബന്ധപ്പെട്ട് ടി സർവ്വകലാശാല എത്ര തുക പ്രസ്തുത സ്വകാര്യ കമ്പനിക്ക് നാളിതുവരെ നൽകി; ഇനി എത്ര തുക നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ തകർക്കുന്ന വിധത്തിലുള്ള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ഇപ്പോഴത്തെ പ്രവർത്തനശൈലി അടിയന്തരമായി തിരുത്തുവാനും പ്രസ്തുത സർവ്വകലാശാല പരീക്ഷാ നടത്തിപ്പും, മൂല്യനിർണ്ണയവും പുറംകരാർ നൽകാതിരിക്കുവാനും ആവശ്യമായ എന്ത് നടപടി സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത സർവ്വകലാശാല വൈസ് ചാൻസലറോട് ബഹു. ഗവർണ്ണർ വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ വിശദാംശം വ്യക്താക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികസർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സംവിധാനത്തിൽ കൂടിയാണ് പരീക്ഷകൾ നടത്താൻ തീരുമാനിച്ചിരുന്നത്. അതു സംബന്ധിച്ചുള്ള നടപടികളും കൈക്കൊണ്ടിരുന്നു. എന്നാൽ വിദ്യാർത്ഥി-അദ്ധ്യാപക സമൂഹത്തിന്റെ ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം പ്രസ്തുത സംവിധാനം ഒന്നാം സെമസ്റ്റർ പരീക്ഷകൾക്ക് നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു പകരം സംവിധാനം ഒരുക്കുന്നതിലുള്ള കാലതാമസം കാരണമാണ് ബി.ടെക്., എം.ടെക്. പരീക്ഷകൾ മാറ്റിവച്ചത്. ബി. ടെക്. പരീക്ഷകൾ പൂർത്തിയാക്കിയ സമയക്രമമനുസരിച്ച് നടത്തുകയും ഉത്തരക്കടലാസ് പരിശോധന പൂർത്തീകരിക്കുകയും ചെയ്തു. എം.ടെക്. പരീക്ഷകൾ നടത്താനുള്ള സമയക്രമം നിശ്ചയിച്ചുവരുന്നു.

(ബി) സർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന രീതിയിലുള്ള പരീക്ഷാനടത്തിപ്പിനുവേണ്ടി ഇ-ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ടെക്നിക്കൽ, ഫിനാൻഷ്യൽ, ബിഡ്ഡുകൾ വിലയിരുത്തി കുറഞ്ഞ തുക പറഞ്ഞിരുന്ന മെറിട്രാക്ക് എന്ന കമ്പനിക്ക് 'ലെറ്റർ ഓഫ് അക്സപ്റ്റൻസ് ' നൽകിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് കമ്പനിയുമായി കരാർ ഒന്നും ഒപ്പിട്ടിരുന്നില്ല. കമ്പനിക്ക് സർവ്വകലാശാല തുകയൊന്നും നൽകിയിട്ടില്ല.

(സി) പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്ന ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന രീതിയിലുള്ള പരീക്ഷാനടത്തിപ്പ് പിൻവലിക്കുകയുണ്ടായി.

(ഡി) പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച വിവിധ പരാതികളുടെ അടിസ്ഥാനത്തിൽ ബഹു. ഗവർണർ സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറോട് വിശദാംശം ആവശ്യപ്പെടുകയും ഇതു സംബന്ധിച്ച് സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച കാര്യങ്ങൾ ബഹു.ഗവർണറെ അറിയിച്ചിട്ടുണ്ട്.

**സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം**

53(2662) ശ്രീ. എം. എ. ബേബി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly